# ശ്ലീഹാക്കാലം

## വചന വിചിന്തനം

### നാലാം ഞായർ

ലൂക്കാ 6,27-42

**"അതിക്രമിക്കുന്നവരെ ഔദാര്യത്തോടെ സ്വീകരിക്കാനുള്ള ആഹ്വാനം ഹൃദയഫലകങ്ങളിൽ എഴുതിചേർക്കുന്നവർക്കുള്ളതാണ് സ്വർഗ്ഗരാജ്യം!"**

അപ്പു അന്ന് വീട്ടിലെത്തിയത് പതിവിലേറെ രോഷാകുലനായിട്ടാണ്. കാര്യം തിരക്കിയ മമ്മിയോട് അപ്പു,

"എന്റെ ക്ലാസിലെ ജോമ്സനുണ്ടല്ലോ, അവന് ഒരു ദൈവ വിശ്വാസമില്ലാത്തവനാ..."

"അതെന്താ നിനക്ക് അങ്ങനെ തോന്നാൻ?"

"അവനുണ്ടല്ലോ, എന്റെ കൊന്ത നിലത്തിട്ടു ചവിട്ടിക്കൂട്ടി."

"എന്നിട്ട് നീ എന്തു ചെയ്തു?"

"എനിക്കത് സഹിച്ചില്ല... എനിക്ക് കൈയിൽ കിട്ടിയ ഒരു പട്ടിക കഷണമെടുത്ത് അവന്റെ തലക്കിട്ട് ഞാൻ ഒന്നു കൊടുത്തു. മേലാലിനി അവൻ ഇത്തരത്തിലുള്ള ദൈവനിന്ദ കാണിക്കരുത്!"

മാതാവിനെയും പിതാവിനെയും പോലെ സഹോദരനെയും സഹോദരിയെയും പോലെ കൂട്ടുകാരനെയും കൂട്ടുകാരിയെയും പോലെ ശത്രുവിനെയും സ്നേഹിക്കാൻ കഴിയുമോയെന്ന്?

വചനം പറയുന്നു, "നിങ്ങൾ ശത്രുക്കളെ സ്നേഹിക്കുവിൻ" (ലൂക്കാ 6,35). ''നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവനായിരിക്കുവിൻ" (ലൂക്കാ 6,36). നമുക്ക് പ്രാർത്ഥിക്കാനുള്ളത് ഇതു തന്നെയാണ്, 'ദൈവമേ, ശത്രുക്കളെ സ്നേഹിക്കാൻ... നീ കരുണ കാണിച്ചതുപോലെ കരുണ കാണിക്കാൻ ഞങ്ങളുടെ ജീവിതങ്ങളെ അനുഗ്രഹിക്കണമേയെന്ന്...'

മത്തായിയുടെ സുവിശേഷത്തിൽ മലയിലെ പ്രസംഗത്തിലൂടെ സുവിശേഷ ഭാഗ്യങ്ങൾ നാം ശ്രവിക്കുന്നുണ്ട്. എന്നാൽ വി. ലൂക്കായുടെ സുവിശേഷത്തിൽ അതിന് സമാന്തരമായ ഭാഗമാണ് നാം ഇന്ന് വായിച്ച് കേട്ടത് - ലൂക്കാ 6,27-42. ക്രിസ്തു ഉദ്ഘാടനം ചെയ്ത ദൈവരാജ്യത്തിൽ പ്രവേശിക്കാൻ അഥവാ ദൈവരാജ്യാനുഭവം സ്വന്തമാക്കാൻ അവശ്യം വേണ്ട മനോഭാവങ്ങളും അനുവർത്തിക്കേണ്ട ജീവിതശൈലിയുമാണ് ഇതിന്റെ ഇതിവൃത്തം.

"ദൈവം സമം സ്നേഹം" പല പ്രാവശ്യം കേട്ട് തഴമ്പിച്ചിട്ടുള്ള ഒന്ന്. അതുകൊണ്ട് തന്നെ സ്വർഗ്ഗം സ്വന്തമാക്കാൻ ഒന്ന് മാത്രം ചെയ്താൽ മതി - സ്നേഹിക്കുക. ആരെയൊക്കെ? അത് പത്ത് പ്രമാണങ്ങളിൽ നാം വായിക്കുന്നുണ്ട്... പഠിക്കുന്നുണ്ട്... 1. നിന്റെ കർത്താവായ ദൈവത്തെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസോടും പൂർണ ശക്തിയോടും കൂടി സ്നേഹിക്കുക. 2. നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക.

ഈ അടുത്ത ദിവസങ്ങളിൽ കിട്ടാവുന്നതിൽ വച്ച് ഏറ്റവും നല്ല മെസേജ് എന്ന് പറഞ്ഞ് വന്ന ഒന്ന്,

ഡോക്ടറുടെ അടുതെത്തിയ രോഗി,

"ഡോക്ടറെ ഈ ലോകത്തിലെ ഏറ്റവും നല്ല ഔഷദം എതാ?"

ഡോക്ടർ,

"സ്നേഹം"

"അതും ഫലിക്കുന്നില്ലെങ്കിലോ?"

ഡോക്ടർ പുഞ്ചിരിച്ചുകൊണ്ട്,

"മരുന്നിന്റെ ഡോസൊന്നു (Dose) കൂട്ടിയാൽ മതി..."

ചുരുക്കത്തിൽ തിന്മയെ നന്മകൊണ്ട് ജയിക്കാൻ ശത്രുക്കളെ സ്നേഹിക്കാൻ പറയുമ്പോൾ ക്രിസ്തു ആഗ്രഹിക്കുന്നത് മറ്റൊരു ക്രിസ്തുവായിട്ട് അവതരിക്കാനാണ്. എന്താണ് ഈ കൽപനയുടെ അർത്ഥം? മാതാവിനെയും പിതാവിനെയും പോലെ സഹോദരനെയും സഹോദരിയെയും പോലെ കൂട്ടുകാരനെയും കൂട്ടുകാരിയെയും പോലെ ശത്രുവിനെയും സ്നേഹിക്കാൻ കഴിയുമോയെന്ന്? എന്നെ വെറുക്കുകയും പീഢിപ്പിക്കുകയും ദ്രോഹിക്കുകയും എന്റെ നാശം മാത്രം സ്വപ്നം കാണുന്നവനെയും സ്നേഹിക്കാനും ഇഷ്ടപ്പെടാനും കഴിയുമോ? നമുക്ക് അസാധ്യം എന്നാണെങ്കിൽ എന്നാണ് ഉത്തരമെങ്കിൽ ക്രിസ്തുവിന് പറയാനുള്ളത് "ഞാൻ ജീവിതം കൊണ്ട് കാണിച്ച് തന്നതും ഇത് തന്നെയല്ലേ എന്നാണ്."

എങ്ങനെയുള്ളവരെയാണ് സ്നേഹിക്കേണ്ടത്?

- ശത്രുക്കളെ
- ദ്വേഷിക്കുന്നവരെ
- ശപിക്കുന്നവരെ
- അധിക്ഷേപിക്കുന്നവരെ
- ചെകിടത്ത് അടിക്കുന്നവനെ
- മേലങ്കിയെടുക്കുന്നവനെ
- വസ്തുക്കൾ ഇടുത്ത് കൊണ്ട് പോകുന്നവനെ

ചുരുക്കത്തിൽ ഭൗതികമായി നീ കരുതന്നത് എന്തുതന്നെയായാലും അത് കരസ്തമാക്കുന്നവനെ സ്നേഹിക്കണമെന്നാണ്. ഇവിടെ സ്നേഹത്തിനുവേണ്ടി ലൂക്കാ സുവിശേഷകൻ തിരഞ്ഞെടു ത്തിരിക്കുന്ന പദം 'അഗപ്പാവേ' (ക്രിയ) 'അഗാപ്പേ' (നാമം). ഇത് മറ്റ് പദങ്ങളെക്കാൾ ഏറെ അർത്ഥങ്ങൾ സമ്മാനിക്കുന്നതാണ്. ഹൃദയത്തിന്റെയും വികാരത്തിന്റെയും അപ്പുറത്ത് ഇച്ഛാശക്തി യുടെയും തിരുമാനത്തിന്റെയും തലത്തിലാണ് ഈ സ്നേഹം നിലകൊള്ളുന്നത്. സ്വാഭാവികമായ അടുപ്പമോ വൈകാരികമായ ചായ്‌വോ അല്ല ഇത്. മറിച്ച്, ബോധപൂർവ്വമായെടുക്കുന്ന ഒരു തിരുമാന മാണിത്. സ്വജീവൻപ്പോലും കൊടുക്കുന്ന ഒന്ന്. സത്താപരമായി, നൈസർഗ്ഗികമായ വാസനകൾക്കപ്പുറ ത്തേയ്ക്ക് ഉയരാനാണ് ക്രിസ്തു ആവശ്യപ്പെടുന്നത്.

*നിയമങ്ങളുടെയും നിയമസംഹിതകളുടെയും മുഴുവൻ പൊരുൾ ഒന്നു മാത്രമാണ്, "സ്നേഹിക്കുക."*

അനുദിന ജീവിതത്തിലോട്ട് വരുമ്പോൾ ശത്രുവിനെ പ്രണയിക്കണമെന്നോ ദ്രോഹിക്കുന്നവനോട് വാത്സല്യം പ്രകടിപ്പിക്കണമെന്നോ ഒന്നുമല്ല അർത്ഥമാക്കുന്നത്. മറിച്ച്, ദ്രോഹിക്കുന്നവനെയും ശപിക്കുന്നവനെയും നമുക്കെതിരായി തിന്മ നിരൂപിക്കുന്നവനെയും വെറുക്കാതിരിക്കുക, ആ വ്യക്തിക്ക് തിന്മ വരണം എന്ന് ആഗ്രഹിക്കാതിരിക്കുക. ആതിനായി പ്രവർത്തിക്കുക, പ്രാർത്ഥിക്കുക. ഇതിനോട് ചേർന്ന് പോകുന്നതാണ് സുവർണ നിയമം, "മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ അങ്ങനെതന്നെ നിങ്ങളും അവരോട് പെരുമാറുവിൻ" (ലൂക്കാ 6,31).

ക്രിസ്തുവിന് നമ്മളെ ഓർമ്മപ്പെടുത്താനുള്ളത്, 'നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപ്പോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ' എന്നാണ്. എങ്ങനെയാണ് ഈ പൂർണ്ണത സ്വന്തമാക്കുക? മനുഷ്യനായി അവതരിച്ച ദൈവപുത്രൻ അതും കാണിച്ചുതന്നിട്ടുണ്ട്... നിസ്വാർത്ഥമായ സ്നേഹം. അത് ശത്രുക്കളെ സ്നേഹിച്ചും, ദ്വേഷിക്കുന്നവർക്ക് നന്മ ചെയ്തും, ശപിക്കുന്നവരെ അനുഗ്രഹിച്ചും, അധിക്ഷേപിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിച്ചും, ഒരു ചെകിട്ടത്തടിക്കുന്നവന് മറ്റേ ചെകിടുകൂടി കാണിച്ചു കൊടുത്തും, മേലങ്കി ഇടുക്കുന്നവന് കുപ്പായവും കൂടി കൊടുത്തുമാണ്. ഈ സ്നേഹമാണ് ക്രിസ്തു നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നത്.

മനുഷ്യൻ സ്വാഭാവിക പ്രവണതകൾക്കനുസരിച്ച് ജീവിക്കുന്നവനാണ്. ഉപദ്രവിക്കു ന്നവനെ സ്നേഹിക്കാനും, അതിക്രമിക്കുന്നവരെ ഔദാര്യത്തോടെ സ്വീകരിക്കാനും, അധി ക്ഷേപിക്കുന്നവനെ അനുഗ്രഹിക്കാനും അവന്റെ കരം പൊങ്ങില്ല. മറിച്ച്, അവന്റെ

നൈസർഗ്ഗീഗക വാസന എന്നു പറയുന്നത് അടിക്കാൻ വരുന്നവനെ ഇടിക്കാനും തല്ലാൻ വരുന്നവനെ കൊല്ലാനും നിൽക്കുക എന്നുള്ളതാണ്. ഇത്തരം ഇടങ്ങളിൽ ക്രിസ്തു പുതിയ ചരിത്രം കുറിച്ച് വയ്ക്കുകയാണ്; "ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ ദ്വേഷിക്കുന്നവർക്ക് നന്മ ചെയ്യുവിൻ" (ലൂക്കാ 6,27). ചുരുക്കത്തിൽ, മറ്റുള്ളവരുടെ നില പാടുകളും മനോഭാവങ്ങളുമല്ല അവരോടുള്ള സ്നേഹത്തിന് നിതാനമായി ഭവിക്കേണ്ടത്. മറിച്ച്, കുരിശിൽ കിടന്ന് ക്രിസ്തു കാണിച്ച് തന്ന ശത്രുക്കൾക്ക് വേണ്ടി പോലും പ്രാർത്ഥി ക്കുന്ന കുരിശിന്റെ ചൈതന്യമായിരിക്കണമെന്ന്.

കുടുംബങ്ങളിൽ, സമൂഹങ്ങളിൽ, ഇടവകകളിൽ സ്നേഹത്തിന്റെ വിപ്ലവത്തിന് തുടക്കമിടാൻ എന്ത് ചെയ്യണം എന്ന് ചോദിച്ചാൽ ക്രിസ്തുവിന് സമ്മാനിക്കാനുള്ള ഉത്ത രമാണ് ഇന്നത്തെ വചനഭാഗം, "തിരിച്ച് കിട്ടും എന്ന് പ്രതീക്ഷിക്കാതെ നന്മ ചെയ്യുക!" (ലൂക്കാ 6,35). നന്മകൾ ചെയ്യുന്നതിൽ വിഘാതമായി നിൽക്കുന്ന തിന്മ ഇത് തന്നെയാ ണ്. ഞാൻ അത് ചെയ്തു കൊടുത്താൽ എനിക്ക് എന്ത് ലഭിക്കും? ഒന്നും ലഭിക്കാനി ല്ലെങ്കിൽ എന്തിനാ കൈയിലിരിക്കുന്ന കടിക്കുന്ന പട്ടിയെ വാങ്ങുന്നെ? സ്വന്തം സുഖവും സന്തോഷവും സംതൃപ്തിയും മാത്രം അന്വഷിക്കുന്ന തലമുറ ഇവിടെ വളർന്ന് വരുന്നു ണ്ടെങ്കിൽ അതിനുള്ള കാരണം ഇത് തന്നെയാണ്, "തിരിച്ച് കിട്ടും എന്ന് പ്രതീക്ഷിക്കാതെ നന്മ ചെയ്യാനുള്ള" ബോദ്ധ്യങ്ങളുടെ കുറവ്. ക്രിസ്തു "നല്ല സമരിയക്കാരന്റെ" ഉപമ പങ്കുവയ്ക്കുമ്പോൾ അതിലുള്ള പുരോഹിതനും ലേവായനും സ്വർഗ്ഗരാജ്യം സ്വന്തമാ ക്കാൻ സാധിക്കാത്തതിന്റെ കാരണമായി ഉയർത്തി കാട്ടുന്നതും ഇത് തന്നെയാണ്. ബലി ജീവിതത്തേക്കാൾ ബലിക്കും അനുഷ്ഠാനങ്ങൾക്കും പ്രാധാന്യം കൊടുത്തപ്പോൾ കണ്ണിൽ കണ്ട നന്മ ചെയ്യാൻ മറന്നുപോയ്. "തങ്ങൾക്ക് എന്തു കിട്ടും?" എന്ന് പുരോഹി തനും ലേവായനും കൂട്ടിയും കുറച്ചും നോക്കിയപ്പോൾ "തങ്ങൾക്ക് ഒന്നും കിട്ടില്ല" എന്ന് തിരിച്ചറിഞ്ഞ അവർ ആ മൃതപ്രായനായവനെ വഴിയരികിൽ തന്നെ ഉപേക്ഷിച്ച് പോയി. എന്നാൽ, "തനിക്കൊന്നും കിട്ടിയില്ലെങ്കിലും, ഇവനും എന്റെ സഹോദരനാണ്, എനി ക്കുള്ളതെലാം എന്റെ സഹോദരന്റെ കൂടിയാണ്" എന്നുള്ള ബോദ്ധ്യത്തോടെ സമരിയാ ക്കാരൻ നിന്നപ്പോൾ അവൻ "നല്ല അയൽക്കാരനായ്." ചിന്തകളിൽ വരുത്തേണ്ട മാറ്റം, 'എന്ത് കിട്ടും എന്നല്ല. മറിച്ച്, എന്തു കൊടുക്കാം' എന്നുള്ളതായിരിക്കണം. ലോകം കണ്ട കോടിശ്വരൻമാരിൽ പ്രധാനിയായ ബിൽ ഗേറ്റ്സ് പറയുന്നു; "നിങ്ങൾ ദരിദ്രനായാണ് ജനി ക്കുന്നതെങ്കിൽ അത് നിങ്ങളുടെ തെറ്റല്ല. മറിച്ച്, നിങ്ങൾ ദരിദ്രനായാണ് മരിക്കുന്നതെ ങ്കിൽ അത് നിങ്ങളുടെ തെറ്റാണ്!"

*പ്രതിഫലം വലുതാക്കാൻ അത്യുന്നതന്റെ പുത്രൻമാർ എന്ന് വിളിക്കപ്പെടാൻ നാം ചെയ്യേണ്ടത്, "ശത്രുക്കളെ സ്നേഹിക്കുക!"*

ദൈവം മഴയും വെയിലും നല്കുന്നത് പുണ്യവാനെന്നോ പാപിയെന്നോ ഉള്ള വ്യത്യാസം നോക്കിയല്ല. ക്രിസ്തു ആവശ്യപ്പെടുന്നത്, ദൈവത്തിന്റെ ഈ ഹൃദയ വിശാലതയും ഔദാര്യവും കാരുണ്യവും അനുകരിക്കാനാണ്. "നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ള വരായിരിക്കുവിൻ" (ലൂക്കാ 6,36). ഇതിലൂടെ മാത്രമാണ് നമുക്ക് ദൈവമക്കളാകാൻ കഴിയുക. ഇപ്രകാരം കരുണ കാണിക്കുന്നതിലൂടെ ലഭിക്കുന്ന അനുഭവമാണ് ദൈവരാജ്യാനുഭവം. "അപ്പോൾ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും. നിങ്ങൾ അത്യുന്നതന്റെ പുത്രന്മാരായിരിക്കുകയും ചെയ്യും" (ലൂക്കാ 6,35). അത്യുന്നതന്റെ, ദൈവത്തിന്റെ പുത്രൻമാരായിരിക്കുക. ഇതു തന്നെയാണ് പ്രതിഫലം - ദൈവരാജ്യത്തിൽ അംഗത്വം. ഇതിലേയ്ക്ക് നയിക്കുന്ന ഏക മാർഗമാണ് സ്നേഹം - അഗാപ്പേ = ദൈവസ്നേഹം = ദൈവം. "ദൈവം സ്നേഹമാകുന്നു" (1യോഹ 4,8).

**"മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണം എന്ന്**
**നിങ്ങൾ ആഗ്രഹിക്കുന്നുവോ അങ്ങനെ തന്നെ**
**നിങ്ങൾ അവരോടും പെരുമാറുവിൻ"**

**മത്താ 6,4**

ഫാ. ജോബി മെനോത്ത് : +91 944 7777 931